പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 194 **27-10-2026-ൽ മറുപടിയ്ക്ക്**

തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ പോലീസ് മർദ്ദനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. സജി ചെറിയാൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ വിദ്യാർഥി നേതാക്കളെ പോലീസ് ബാഡ്ജ് ധരിക്കാത്ത യൂണിഫോം ധരിച്ച ആളുകൾ തെരഞ്ഞുപിടിച്ചു മർദ്ദിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപെട്ടിട്ടില്ല

(ബി) എങ്കിൽ വിദ്യാർഥികളെ മർദ്ദിച്ച പോലീസുകാരെ തിരിച്ചറിയാതിരിക്കുന്നതിനായി പോലീസുകാർക്ക് നെയിം ബാഡ്ജ് ഒഴിവാക്കുന്നതിന് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. നിർദ്ദേശം നൽകിയിരുന്നോ;

മറുപടി: ബാധകമല്ല.

(സി) പ്രസ്തുത നിർദ്ദേശം പോലീസ് മേധാവിയുടെ അവലോകനയോഗം വിലയിരുത്തിയിരുന്നോ;

മറുപടി: ബാധകമല്ല.

(ഡി) ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ; സംഭവം അറിഞ്ഞിട്ടും നടപടിയെടുക്കാത്ത ഉന്നത ഉദ്യോഗസ്ഥർ ആരൊക്കെയാണ് എന്നറിയിക്കാമോ;

മറുപടി: ബാധകമല്ല.

(ഇ) വിദ്യാർഥി സമരത്തിൽ പങ്കെടുത്ത കുട്ടികളെ പോലീസ് ലാത്തികൊണ്ട് തലയ്ക്ക് അടിച്ചു പരിക്കേൽപ്പിക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ കുട്ടികളുടെ ജീവനും ഭാവിയിലെ ആരോഗ്യപ്രശ്നങ്ങളും പരിഗണിച്ച് തലയ്ക്ക് അടിക്കുന്നതുപോലുള്ള കിരാത നടപടികൾ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ലാത്തിചാർജ് ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ നിയമപ്രകാരം പോലീസ് മാന്വലിലെ നിർദേശങ്ങൾ പാലിച്ചായിരിക്കണം എന്ന് നിർദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ